Fear may visit like sudden summer heat.
But kindness - like mangoes - brings back the sweetness.
And under the shade of an old tree, even a stranger can feel like family.

Lakshmi
S2, ECE

UNTOLD LOVE

In the silence of the night's embrace
untold love leaves no trace. It burns like fire,fierce and bright hidden away from the worlds flight a love that whispers in the dark with every beat it leaves a mark unseen,

It shapes the soul a hidden fire that makes us whole though never voiced it's deeply felt a secret that our hearts have knelt in every glances and every sigh untold love will never die

In quiet glances, love remains and spoken words like gentle rain,a secret smile ,a fleeting touch, a hidden bond that means so much.
It's found in moment soft and still in silent hearts, a quite thrill though never spoken, it's always near a timeless love forever dear...

So even if it's never shown untold love is never alone!

ഒരു ഹൃദയം തിരിച്ചറിഞ്ഞ പ്രണയം

NAJNA
S2 ECE

അവൾ അവന്റെ ജീവിതത്തിലേക്ക് വന്നത് ഒരു വലിയ സംഭവമായി അല്ല,
ഒരു ചെറിയ പുഞ്ചിരിപോലെ,
ശാന്തമായ ഒരു നിമിഷമായി.
അവൻ അവളെ ആദ്യമായി കണ്ടപ്പോൾ
ഹൃദയം എന്തുകൊണ്ടോ അല്പം നിശ്ശബ്ദമായി.
അത് പ്രണയമാണെന്ന് അവന് അറിയില്ലായിരുന്നു,
പക്ഷേ അതൊരു പരിചിതമായ വികാരമായിരുന്നു.
ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരാളെ
ഇതിനുമുമ്പേ അറിയുന്നതുപോലെ.
ദിവസങ്ങൾ കടന്നുപോയി.
വാക്കുകൾ കുറവായിരുന്നെങ്കിലും
അവരുടെ മൗനം പോലും
പരസ്പരം മനസ്സിലാക്കുന്ന ഭാഷയായി.
അവൾ സംസാരിക്കുമ്പോൾ
അവന്റെ ലോകം കുറച്ചുകൂടി നിറഞ്ഞതായി തോന്നി.
അവൻ സാധാരണയായിരിക്കാൻ ശ്രമിച്ചു.
പക്ഷേ അവളുടെ ഒരു ചിരി,
ഒരു നോക്ക്,
അവന്റെ എല്ലാ ശ്രമങ്ങളും മറികടന്നു.
അപ്പോഴാണ് അവൻ മനസ്സിലാക്കിയത്—
ചില ബന്ധങ്ങൾ തിരഞ്ഞെടുപ്പല്ല,
അവ സ്വാഭാവികമാണ്.
അവൾ അവന്റെ ജീവിതത്തിലെ
ഏറ്റവും വലിയ ശബ്ദമല്ലായിരുന്നു,
പക്ഷേ ഏറ്റവും മധുരമായ താളമായിരുന്നു.
ഒരു പാട്ടുപോലെ—
വീണ്ടും വീണ്ടും കേൾക്കാൻ തോന്നുന്ന,
ഒരിക്കലും മടുത്തുപോകാത്ത.
അവൻ ഒരിക്കൽ ചിന്തിച്ചു:
“ഞാൻ അവളെ സ്നേഹിക്കാൻ തുടങ്ങി എന്നല്ല,
എന്റെ ഹൃദയം അവളെ
ആദ്യമേ തന്നെ സ്വീകരിച്ചിരുന്നു.”
അത് ഒരു വലിയ പ്രണയകഥയല്ലായിരിക്കാം,
പക്ഷേ
അത് സത്യമായിരുന്നു.
അവളുടെ സാന്നിധ്യം മാത്രം മതി അവന്റെ ലോകം പൂർണമാകാൻ.

Sreehari S
S6 , CE Dept





ഓർമകളിൽ അലിഞ്ഞ ഓളങ്ങൾ



ALI NIZAR
S8 CSE

കോമ്പസ്സിന്റെ നാല് ചുവരുകൾക്കുള്ളിലെ പതിവ് പഠനരീതികളിൽ നിന്ന് മാറി, അറിവിന്റെ പുതിയൊരു ലോകം തേടി ഞങ്ങൾ ഇറങ്ങിത്തിരിച്ച ഒരു ദിനമായിരുന്നു അത്. 58 വിദ്യാർത്ഥികളും 10 അധ്യാപകരും അടങ്ങുന്ന ഞങ്ങളുടെ സംഘം ആവേശത്തോടെ ബസ്സിൽ കയറുമ്പോൾ, അതൊരു സാധാരണ 'ഇൻഡസ്ട്രിയൽ വിസിറ്റ്' മാത്രമായിരിക്കുമെന്നാണ് എല്ലാവരും കരുതിയത്. എന്നാൽ, ചരിത്രപ്രസിദ്ധമായ പെരുമൺ പാലത്തിലേക്കുള്ള ആ യാത്ര കേവലം സാങ്കേതിക അറിവുകളിൽ ഒതുങ്ങിയില്ല; മറിച്ച് അഷ്ടമുടിക്കായലിന്റെ ഓളങ്ങൾ പോലെ മനസ്സിനെ സ്പർശിച്ച ചില നിമിഷങ്ങളുടെയും തിരിച്ചറിവുകളുടെയും തുടക്കമായിരുന്നു അത്.

അഷ്ടമുടിക്കായലിന്റെ വിരിമാറിലൂടെ ജംഗാർ നീങ്ങുമ്പോഴായിരുന്നു യാത്രയുടെ യഥാർത്ഥ ഭംഗി ഞങ്ങൾ അനുഭവിച്ചത്. കായലിന്റെ ആഴങ്ങളെ കീറിമുറിച്ചുകൊണ്ടുള്ള ആ ജംഗാർ യാത്ര പലർക്കും ഒരു പുതിയ അനുഭവമായിരുന്നു. ഞങ്ങളുടെ കൂടെ അക്കരെയെത്താൻ ഒരു ജെ.സി.ബി കൂടി ആ വലിയ ചങ്ങാടത്തിലുണ്ടായിരുന്നത് കാഴ്ചയ്ക്ക് ഒരു കൗതുകം നൽകി. വെറുമൊരു കറക്കത്തേക്കാൾ ഉപരി, അവിടെ നടന്നുകൊണ്ടിരിക്കുന്ന പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ പിന്നിലെ എൻജിനീയറിങ് വിദ്യകളെക്കുറിച്ചും അധ്യാപകർ ഞങ്ങൾക്ക് വിശദീകരിച്ചു തന്നു. ആഴക്കടലിന് സമാനമായ ആ കായലിന് നടുവിൽ നിന്ന്, ഒരു വലിയ നിർമ്മിതിയുടെ പാഠങ്ങൾ പഠിച്ച ആ സമയം ഒരേസമയം വിജ്ഞാനപ്രദവും വിസ്മയിപ്പിക്കുന്നതുമായിരുന്നു. പഠനകാര്യങ്ങളിൽ മുഴുകി അക്കരെയെത്തിയപ്പോൾ സമയം പോയതറിഞ്ഞില്ല.

പഠനത്തിരക്കുകൾ കഴിഞ്ഞ് മടങ്ങും വഴി മനസ്സിനെ ഒന്ന് തണുപ്പിക്കാനാണ് ഞങ്ങൾ കൊല്ലം ബീച്ചിലിറങ്ങിയത്. കടൽക്കാറ്റേറ്റ് ആ മണൽപ്പരപ്പിലൂടെ നടക്കുമ്പോൾ എന്റെ ഏറ്റവും അടുത്ത സുഹൃത്തായ ആ പെൺകുട്ടി എന്നോട് പറഞ്ഞു: "ഞാൻ അവസാനമായി ഈ ബീച്ചിൽ വന്നത് രണ്ടിലോ മൂന്നിലോ പഠിക്കുമ്പോഴാണ്." ആ വാക്കുകളിൽ ഒരു പഴയ കാലത്തിന്റെ ഗൃഹാതുരത്വം ഉണ്ടായിരുന്നു. പെട്ടെന്നാണ് അവളുടെ മറ്റു കൂട്ടുകാരികൾ അവളെ വിളിച്ചുകൊണ്ട് തിരമാലകൾക്കരികിലേക്ക് ഓടിയത്.

കടൽവെള്ളത്തിൽ കാലുനനയ്ക്കാൻ അവൾ ഓടിപ്പോകുന്നത് നോക്കി ഞാൻ കരയിൽ നിന്നു. തിരമാലകൾ അവളുടെ പാദങ്ങളിൽ തൊട്ടുരുമ്മിയപ്പോൾ അവളുടെ മുഖത്തുണ്ടായ ആ സന്തോഷം വിവരിക്കാനാവാത്തതായിരുന്നു. ഗൗരവക്കാരിയായ കോളേജ് വിദ്യാർത്ഥിനിയിൽ നിന്നും നിമിഷനേരം കൊണ്ട് അവൾ ആ പഴയ രണ്ടാം ക്ലാസുകാരിയായി മാറി. ഒരു കൊച്ചുകുട്ടിയുടെ നിഷ്കളങ്കതയോടെ അവൾ മണലിലും വെള്ളത്തിലും കളിക്കുന്നത് നോക്കി നിന്നപ്പോൾ എനിക്കും അത്ഭുതം തോന്നി. അവളുടെ മുഖത്തെ ആ സന്തോഷം ഞാൻ എന്റെ കണ്ണുകൾ കൊണ്ട് ഒപ്പിയെടുത്തു.

കുറെ നേരം കളിച്ച് മതിവന്നപ്പോൾ അവൾ തിരികെ ബസ്സിലേക്ക് കയറി. ഞാൻ ബീച്ചിൽ നിന്നും തിരികെ നടക്കുമ്പോൾ പെട്ടെന്ന് എന്റെ കണ്ണുകൾ ഇടത്തോട്ട് നീങ്ങി. അവിടെ കണ്ട കാഴ്ച എന്റെ മനസ്സിൽ അവൾ പറഞ്ഞ വാചകങ്ങളെ വീണ്ടും ഓർമ്മിപ്പിച്ചു. മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരുപറ്റം കൊച്ചു കുട്ടികൾ സ്കൂളിൽ നിന്നും ടൂർ വന്നിരിക്കുന്നു! ജീവിതത്തിൽ ആദ്യമായാണ് ഇത്രയും കൗതുകത്തോടെ ഞാൻ ഒരു കൂട്ടം കുരുന്നുകളെ നോക്കി നിൽക്കുന്നത്. ആ കുട്ടികളിൽ ഓരോരുത്തരിലും എന്റെ ആ സുഹൃത്തിന്റെ കുട്ടിക്കാലത്തെ എനിക്ക് കാണാൻ കഴിയുന്നതുപോലെ തോന്നി.

ബസ്സ് സ്റ്റാർട്ട് ചെയ്തപ്പോൾ ആ ബഹളങ്ങൾക്കിടയിലും എന്റെ മനസ്സ് ആ തിരമാലകൾക്കും കുട്ടിക്കാലത്തിന്റെ ഓർമ്മകൾക്കും ഒപ്പമായിരുന്നു. ചില യാത്രകൾ അങ്ങനെയാണ്, പുതിയ പാഠങ്ങൾ പഠിപ്പിക്കുക മാത്രമല്ല, നമ്മളിലെ നിഷ്കളങ്കമായ ആ പഴയ കുട്ടിയെ നമുക്ക് തന്നെ തിരികെ കാട്ടിത്തരികയും ചെയ്യും.

Subin
S6 , CY



തോരാമഴ.....

KRITHY C BABU
S4 EEE

മഴ തുടങ്ങിയിട്ട് ദിവസം കുറച്ചായിരിക്കുന്നു, പുഴയിലും, തോടിലും മറ്റു ജലാശയങ്ങളിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്. മഴ പൂർണമായും മാറാതെ താൻ ഇനി വരില്ലെന്ന മട്ടിലാണ് സൂര്യൻ. കറണ്ട് ഇതുവരെ പോയിട്ടില്ല, അതുകൊണ്ട് ടിവി യിൽ വാർത്ത കാണുന്ന തിരക്കിലാണ് അച്ഛൻ. പെരുമഴയത്ത് കറണ്ട് പോകുന്നതിനു മുന്നേ അടുക്കളയിലെ കാര്യങ്ങൾക്ക് തീരുമാനം ഉണ്ടാക്കാൻ അമ്മ ഓട്ടത്തിലാണ്. നല്ല തണുത്ത അന്തരീക്ഷം, "കമ്പിളി " പുതയ്ക്കാതെ വയ്യ. മുറിയിലെ പാതി ചാരിയ ജനൽപ്പാളിക്കിടയിലൂടെ പുറത്തേക്ക് നോക്കി കിടക്കുകയാണ് ഞാൻ, കൂടെ ജനൽപ്പാളിക്കിടയിലൂടെ പുറത്തേക്ക് നോക്കി കിടക്കുകയാണ് ഞാൻ, കൂടെ വളർത്തുനായ ജാക്കിയും ഉണ്ട്. പണ്ട് ഇതുപോലെ ഒരു മഴക്കാലത്തു കിട്ടിയതാണിവനെ. കൊടിയ തണുപ്പും വിശപ്പും സഹിച്ച് വഴിയോരത്തു കിടന്ന പിഞ്ചു കുഞ്ഞ്. പുഴു അരിച്ചു തുടങ്ങിയ

സഹോദരങ്ങൾക്കിടയിൽ നിന്നും അവനെ കിട്ടിയപോൾ ചെറിയ ഒരു അനക്കം മാത്രമേ ഉണ്ടായിരുന്നുള്ളു, ജീവന്റെ ചെറിയ തുടിപ്പ്. പക്ഷെ ഇന്നവൻ ആളാകെ മാറി, അവനും ഇപ്പോൾ കുടുംബത്തിലെ ഒരംഗമാണ്.

മഴയുടെ ശക്തി താരതമ്യേനെ കൂടുന്നു, ഒപ്പത്തിനൊപ്പം എന്ന രീതിയിൽ കാറ്റും വീശുന്നുണ്ട്. കാണാൻ നല്ല ഭംഗിയാണ്, പക്ഷെ അതിലും അപകടം പതിയിരുപ്പുണ്ട്. കഴിഞ്ഞ മഴക്കാലത്ത് പൊലിഞ്ഞത് 5 ജീവനുകളാണ്. ഇനി ഇപ്പ്രാവശ്യം "എന്താണോ ആവോ".

ജില്ലയിൽ "റെഡ് അലെർട് " ആണ്, ടിവിയിൽ പറയുന്നത് കേട്ടു. പ്രതീക്ഷിച്ചതു പോലെ തന്നെ സ്കൂളിന് അവധിയും പ്രഖ്യാപിച്ചിട്ടുണ്ട്. അധികം വൈകിയില്ല, ചീറി പാഞ്ഞെത്തിയ മന്തമാരുതൻ കറണ്ടിനെ ഊതി അണച്ചിരുക്കുന്നു. ഇരുട്ടത്ത് തപ്പി തടഞ്ഞ് അച്ഛന്റെ അരികിലെത്തി. കത്തിച്ചു വച്ച മെഴുകുതിരിക്കു ചുറ്റുമായി അമ്മ അത്താഴം വിളമ്പി വച്ചു. "ഇന്നിനി കറണ്ടിനെ പ്രതീക്ഷിക്കണ്ട " എന്ന സ്ഥിരം വർത്തമാനം പറഞ്ഞുകൊണ്ട് അമ്മ അടുക്കളയിലേക്ക് മടങ്ങി. അമ്മ പറഞ്ഞതിലും കാര്യമുണ്ട്, ഈ ശക്തനായ കാറ്റിന്റെ മുന്നിൽ കടപുഴകിയ ഒരു മരമെങ്കിലും കാണാതിരിക്കില്ല.

പതിവിലും നേരത്തെ ഉറക്കം വന്നു തുടങ്ങിയിരിക്കുന്നു. അമ്മയുടെ മടിയിൽ തല ചായ്ച്ച് കിടന്നു. ഉറക്കത്തിന്റെ കോണിപ്പടവുകളുടെ പകുതിയോളം എത്തിയ എന്നെ പെട്ടെന്നു എന്തോ വലിച്ചു താഴെ ഇട്ടു. കണ്ണ് തുറന്നെങ്കിലും മന്ദത മാറാൻ കുറച്ചു സമയമെടുത്തു, എന്നെ ഉറക്കത്തിൽ നിന്നും തിരികെ വിളിച്ചത് അവനാണ് വീട്ടിലെ " ശ്വാനൻ". എന്തെന്നറിയില്ല പതിവില്ലാത്ത കുര, എന്തിനെയോ ഭയക്കുന്ന പോലെ!. എന്നെ പോലെ തന്നെ അച്ഛന്റെ ഉറക്കവും അവൻ നശിപ്പിച്ചിരിക്കുന്നു, അതുകൊണ്ട് അച്ഛൻ അവനെ ശകാര വാക്കുകളാൽ പൊതിഞ്ഞു, അതുകൊണ്ടായിരുന്നിരിക്കണം പിന്നീട് കുരക്കാൻ അവനൊന്നു മടിച്ചു, എങ്കിലും ഭയം അവനെ വല്ലാതെ അലട്ടിയിരുന്നു.

മഴ കുറയുന്ന ലക്ഷണം ഇല്ല, പോയ കറണ്ട് ഇന്നിനി വരുമെന്ന പ്രതീക്ഷയുമില്ല, അതുകൊണ്ട് ഉറങ്ങാൻ തന്നെയാണ് എല്ലാവരുടെയും തീരുമാനം. ഒരു കുഞ്ഞു മെഴുകുതിരിയുമായി ഞാൻ മുറിയിലേക്ക് നടന്നു,അച്ഛനും അമ്മയും അവരുടെയും. എനിക്ക് കൂട്ടിനു ജാക്കിയുണ്ട്, അവന്റെ ഉള്ളിലെ ഭയം ഇപ്പോഴും മാറിയിട്ടില്ല. ഞാനത് കാര്യമാക്കിയില്ല, ഒന്ന് തലോടി ആശ്വസിപ്പിച്ചിട്ട് ഞാൻ ഉറങ്ങാൻ കിടന്നു.

എല്ലാവരും നന്നേ ഉറക്കം പിടിച്ചിരിക്കുന്നു, രാത്രി പകുതിയായിട്ടും മഴക്ക് ശമനം ഇല്ല. സ്കൂളിൽ കൂട്ടുകാരോടൊത്ത് കളിക്കുന്നത് സ്വപ്നം കണ്ടാണ് ഉറങ്ങുന്നത്. എത്ര നല്ല നിമിഷങ്ങൾ.

" എല്ലാം തകിടം മറിഞ്ഞത് പെട്ടെന്നായിരുന്നു, ഭൂകമ്പത്തിന് സമാനമായ ശബ്ദം. നിമിഷനേരം കൊണ്ടുതന്നെ ഏതോ ഒരു ശക്തി ഞങ്ങളുടെ വീടിനെ " ഇടിച്ചു നിരത്തി ". എല്ലാം നിമിഷ നേരം കൊണ്ടായിരുന്നു. എന്താണ് ചുറ്റും നടക്കുന്നത് എന്ന് മനസ്സിലാക്കാനുള്ള സമയം പോലും ലഭിച്ചില്ല. എന്റെ ജീവൻ ബാക്കി വച്ചതാണോ അതോ എടുക്കാൻ കഴിയാഞ്ഞത് കൊണ്ടാണോ എന്നറിയില്ല, എന്റെ ഹൃദയം നിലച്ചിട്ടില്ല. കൈ കാലുകൾക്ക് ചലിക്കാൻ കഴിയുന്നില്ല, മൊത്തത്തിൽ ഒരു മരവിപ്പ്. ദേഹമാസകലം മുറിഞ്ഞിട്ടുമുണ്ട്. മണിക്കൂറുകളോളം ഒരു തരി ശ്വാസത്തിന്റെ ബലത്തിൽ ചെളിയിൽ പൂണ്ടു കിടന്നു. പൂർണമായും കണ്ണ് തുറക്കാൻ കഴിയുന്നുണ്ടായിരുന്നില്ല, എങ്കിലും സർവ്വശക്തിയുമെടുത്ത് കണ്ണ് തുറന്നു. തുറക്കേണ്ട താമസം ചെളിവെള്ളം കണ്ണിലേക്കൊഴുകി, സെക്കണ്ടുകൾ മാത്രം തുറക്കാൻ കഴിഞ്ഞ കണ്ണിൽ കണ്ടത് കുറ്റാ കൂരിരുട്ടാണ്, രാത്രിയുടെ തമസാണോ അതോ മണ്ണിനടിയിലെ അന്തഘാരതയാണോ, അതുമല്ലെങ്കിൽ എന്റെ കാഴ്ച നഷ്ടപ്പെട്ടതാണോ, ഒന്നും അറിയില്ല. " ഇനി എത്ര നേരം ഇങ്ങനെ മണ്ണിനടിയിൽ? ",അച്ഛനും അമ്മയും സുരക്ഷിതരാണോ? തനിക്ക് ജീവനോടെ പുറത്ത് കടക്കാനാകുമോ?, ചോദ്യങ്ങൾ ഒരുപാടുണ്ട്, പക്ഷെ ഉത്തരം.....

ഇനിയും സഹിക്കാൻ കഴിയില്ല , ഒരു ജീവിതകാലം മുഴുവൻ അനുഭവിച്ചറിയാനുള്ള വേദന ഒറ്റ രാത്രി കൊണ്ട് അറിഞ്ഞിരിക്കുന്നു. ഇനിയും ഈ അവസ്ഥ തുടർന്നാൽ " മരണം നിശ്ചയം. " വേണ്ട, എനിക്ക് മരിക്കണ്ട". എങ്ങനെയെങ്കിലും രക്ഷപെട്ടെ മതിയാകൂ. "പക്ഷെ എങ്ങനെ "?, കൈ കാലുകൾ ചലിപ്പിക്കാൻ പോലും കഴിയുന്നില്ല, മുഖത്തിന്റെ പകുതിയിൽ കൂടുതലും മണ്ണിൽ മുങ്ങി നിൽക്കുകയാണ്, എങ്കിലും ശ്വാസം എടുക്കാൻ കഴിയുന്നത് കൊണ്ടാണ് ഇപ്പോഴും ജീവൻ അവശേഷിക്കുന്നത്.

ഉറക്കെ കരയണമെന്നുണ്ട്, പക്ഷെ സാധിക്കുന്നില്ല. ഇനി രക്ഷയില്ല, ബോധം മങ്ങിതുടങ്ങുന്നു, മരണത്തിനു കീഴടങ്ങാതെ വേറെ നിവർത്തിയില്ല എന്ന വക്കിലെത്തിയപ്പോൾ ചുറ്റും എന്തോ ഒരനക്കം. ആരോ സംസാരിക്കുന്നത് പോലെ, പക്ഷെ ഒന്നും വ്യക്തമല്ല. പെട്ടെന്ന് ആരോ എന്റെ തല പിടിച്ചുയർത്തി," സാറേ ജീവനുണ്ട് " അയാൾ ഉച്ചത്തിൽ അലറി വിളിച്ചു.

ഫയർ ഫോഴ്സ് ജീവനക്കാരാണ്. അവർ എന്നെ മണ്ണിൽ നിന്ന് പുറത്തെടുത്തു. ദേഹമാസകാലം ചെളിയും ചോരയും, സൂര്യോദയത്തിന്റെ മങ്ങിയ വെളിച്ചത്തിൽ

ഞാൻ എന്റെ ഗ്രാമത്തെ ഒരു മിന്നായം പോലെ കണ്ടു.

അവർ വളരെ വേഗം എന്നെ ആംബുലൻസിൽ കയറ്റി, ഞാൻ മാത്രമല്ല അതിലുണ്ടായിരുന്നത്, എന്നേക്കാൾ മുൻപേ രക്ഷപ്പെട്ട ആരോ ആണ്, നിർഭാഗ്യവശാൽ അയാൾ മരണപ്പെട്ടു. എന്റെ ജീവനെങ്കിലും രക്ഷിച്ചേ മതിയാവൂ എന്ന മട്ടിൽ ആംബുലൻസ് ആശുപത്രിയിലേക് നീങ്ങി. അടുത്ത ദിവസം വൈകിട്ടാണ് എനിക്ക് ബോധം വീണത്. ആശുപത്രിക്കിടക്കയിലാണ്, ഇടതു കൈക്ക് പൊട്ടലുണ്ട്, പിന്നെ ശരീരം മുഴുവൻ മോശമല്ലാത്ത കുറെ മുറിവുകളും. ശരീരത്തിലെ മുറിവുകൾ ഉണങ്ങും, പക്ഷെ മനസ്സിന്റെ.....?

എഴുന്നേൽക്കാൻ വയ്യ, എങ്കിലും പതുക്കെ ടി വി യുടെ അടുത്തേക്ക് ചെന്നു. നാട്ടിലുണ്ടായ ഉരുളപൊട്ടലാണ് എല്ലായിടത്തും ചർച്ച. നൂറോളം കുടുംബങ്ങൾ മണ്ണിനടിയിലായി, മരിച്ചെന്നു ഉറപ്പിച്ചതും ഉറപ്പിക്കാത്തതുമായ നിരവധി മനുഷ്യർ. ഇനിയും കുറെ പേരെ കണ്ടെത്താനുണ്ട്, ചിലരുടെയൊക്കെ അവശിഷ്ടങ്ങൾ മാത്രമാണ് ലഭിച്ചത്.

Alobin SB
S2 , CE



THE BOOKWORM

ATHUL AJAYAN
S2 ME

He was called many things in college.
Silent.
Weird.
Obsessed.
Nerd
But the name that stayed was Bookworm.

Arjun Menon never fought back.While others filled corridors with laughter, gossip, and cheap bravado, he filled margins with notes. He sat in the first row, spine straight, eyes fixed on anatomy charts and pharmacology slides. His world was structured—definitions, diagnoses, disciplines. Order made sense. People didn't.

Ragging season arrived like a ritual storm.

They dragged him out of the library the first week.

"Stand on the desk."
"remove your clothes and stay on your underwears."
"Bark like a dog."

The seniors filmed everything. Pushed him. Slapped him when he stuttered. They made him strip to his vest and recite textbook definitions while they laughed. Someone burned the edge of his notebook with a lighter.

"Let's see if the Bookworm bleeds ink."

He didn't cry.

That frightened them more than tears would have.
The harassment escalated.

Sleep deprivation. Public humiliation. They forced him to kneel in hostel corridors at 3:AM and memorize drug classifications. Once, they locked him in the dissection hall overnight beside cadavers.

In the dark, surrounded by the preserved dead, something shifted inside him.

He realized something simple:

The human body is fragile.
And he understood it better than anyone else.

Years passed.

Arjun didn't drop out. He graduated top of his class.
While his tormentors barely scraped through or shifted to other careers, he carved a path through medicine with surgical precision. Residency. Fellowships. Awards. By thirty-two, Dr. Arjun Menon was a respected trauma surgeon.

The Bookworm had evolved.

He no longer trembled under fluorescent hostel lights. He operated under them The first death was declared a complication.
A former senior arrived in the emergency room after a road accident. Internal bleeding. Severe splenic rupture. Arjun recognized him instantly.Same smirk. Same eyes.

The man didn't recognize the doctor behind the mask.

"Please… save me."

Arjun's hands were steady. Calm. Clinical. He made the incision perfectly. He also knew exactly how much delay the human body could tolerate before irreversible hypovolemic shock.

Thirty seconds.
Then sixty.

The monitors screamed before they flattened. He removed his gloves with quiet detachment.
"Time of death: 02:17 AM."

It didn't stop there.

Another senior developed sudden postoperative complications after a routine appendectomy. A third suffered an undetected air embolism. Each death medically explainable. Each error microscopic. Each autopsy inconclusive.

Arjun never rushed. He studied them beforehand—medical histories, weaknesses, habits. Revenge, to him, was not rage. It was research.
The newspapers began noticing a pattern—former students from a particular batch dying under unusual but technical circumstances. Nothing overt. No fingerprints. No poison. Just medicine.

The perfect weapon in educated hands.

One night, the last of them arrived.

The worst one. The ringleader.

Chronic liver disease. Emergency transplant required. Arjun was the only compatible surgeon available. Fate has a sense of humor. When the man finally recognized him on the operating table, his face drained of color.

"You… you're that—"
"The Bookworm," Arjun finished calmly.
There was no shouting. No dramatic monologue.
Just silence.
"You ruined my life," the man whispered.
Arjun adjusted his gloves.
"No," he replied softly. "You shaped it."
The surgery began.
He performed every step flawlessly—until the final vascular connection. A subtle technical deviation. Almost invisible.

Enough.

The monitor tone stretched into a long, flat line

Months later, Dr. Arjun Menon received a national award for excellence in surgical innovation. He stood at the podium, applause thundering around him.

Calm. Composed. Brilliant.

No one knew that behind those steady eyes lived a boy once locked in a dissection hall.

He still loved books.
He still studied anatomy.

But now, when he read about the fragility of the human body, he didn't feel fear. He felt control. And in the quiet of his immaculate apartment, surrounded by shelves of medical journals, the Bookworm smiled.

Not because he hated them.
But because he had finally rewritten the story.

In bloodless ink.

@athuluveyyy

Abhai A
S2 , CE

നിഴൽ

HAREENDRAN R
S2 CSE

ഞാൻ ഒരു കോളേജ് വിദ്യാർത്ഥിയാണ്. പഠനത്തിനിടയിൽ കിട്ടിയ ചെറിയ അവധിക്കാലത്ത് വീട്ടിലേക്ക് മടങ്ങിയെത്തിയതാണ് ഈ കഥയുടെ തുടക്കം. എന്റെ ഗ്രാമം പകലിൽ ശാന്തവും രാത്രിയിൽ അസ്വസ്ഥത നിറഞ്ഞതുമാണ്. കുട്ടിക്കാലം മുതൽ തന്നെ ആ നിശബ്ദത എനിക്ക് ഒരു ഭയമായി തോന്നിയിട്ടുണ്ട്, പക്ഷേ അതിനെ ഞാൻ ഒരിക്കലും ഗൗരവത്തിൽ എടുത്തിരുന്നില്ല.

വീടിന് ചുറ്റും കാടുപിടിച്ച നിലം. രാത്രി കാറ്റ് വീശുമ്പോൾ വള്ളിച്ചെടികൾ തമ്മിൽ തട്ടി ഉണ്ടാകുന്ന ശബ്ദങ്ങൾ പോലും മനുഷ്യന്റെ ശ്വാസം പോലെ തോന്നും. ആദ്യ രാത്രി ഒന്നും സംഭവിച്ചില്ല. രണ്ടാമത്തെ രാത്രിയിലാണ് എനിക്ക് അസ്വസ്ഥത തുടങ്ങിയത്.

രാത്രി ഏകദേശം പന്ത്രണ്ട് മണിയോടുകൂടി, ഞാൻ ഉണർന്നിരുന്നു. ഉറങ്ങാൻ ശ്രമിച്ചെങ്കിലും കണ്ണടയുന്നില്ല. അപ്പോൾ, വീട്ടിന് പുറത്തുനിന്ന് പാദശബ്ദം. പതുക്കെ… വളരെ പതുക്കെ. ആരെങ്കിലും നടക്കുന്നത് പോലെ, പക്ഷേ ലക്ഷ്യമില്ലാതെ. ഞാൻ ജനാല തുറന്ന് പുറത്തേക്ക് നോക്കി. ആരും ഇല്ല.

എന്നാൽ പാദശബ്ദം നിന്നില്ല. അത് എന്റെ വീടിന്റെ ചുറ്റും വട്ടം കറങ്ങുന്ന പോലെ.

“ഇത് എന്റെ തോന്നലാണ്,” ഞാൻ മനസ്സിൽ പറഞ്ഞു. പക്ഷേ ആ നിമിഷം, എന്റെ കാതിൽ ഒരു ശബ്ദം — വളരെ അടുത്ത്.

“ഹരി…”

എന്റെ പേര്. ഞാൻ ഞെട്ടി. വീട്ടിൽ മറ്റാരും ഉണർന്നില്ല.

ആ ശബ്ദം വീണ്ടും കേട്ടില്ല.

അടുത്ത ദിവസങ്ങളിൽ, ചെറിയ കാര്യങ്ങൾ മാറി തുടങ്ങി.

വാതിൽ ഞാൻ അടച്ചിട്ടാൽ, കുറച്ചു സമയത്തിനകം തുറന്നുകിടക്കും.

മേശപ്പുറത്ത് വെച്ച സാധനങ്ങൾ മറ്റൊരു സ്ഥലത്ത്.

കണ്ണാടിയിൽ നോക്കുമ്പോൾ, എന്റെ മുഖം ഒരു നിമിഷം വൈകി പ്രതികരിക്കുന്ന പോലെ.

എനിക്ക് ഉറങ്ങാൻ പേടി തോന്നി.

ഒരു രാത്രി, സ്വപ്നത്തിനും ജാഗ്രതയ്ക്കും ഇടയിൽ ഞാൻ ഒരാളെ കണ്ടു.

അവൻ എന്റെ കിടക്കയുടെ അരികിൽ നിൽക്കുകയായിരുന്നു.

അവന്റെ മുഖം ഇരുട്ടിലായിരുന്നു.

എങ്കിലും അവന്റെ കണ്ണുകൾ…

എന്നെ നോക്കി ചിരിച്ചു.
“നീ എന്നെ മറന്നല്ലോ,” അവൻ പറഞ്ഞു.
ഞാൻ ഉണർന്നപ്പോൾ വിയർപ്പിൽ മുഴുകിയിരുന്നു.
പക്ഷേ മുറിയുടെ കോണിൽ…
ഒരു കാലടി പാടുകൾ.
അവ എന്റെ കിടക്കയിലേക്കായിരുന്നു
അന്ന് ഒന്നും സംഭവിക്കാത്ത പോലെ ദിവസങ്ങൾ കടന്നു.
എങ്കിലും രാത്രികളിൽ ആ നിശബ്ദത മാത്രം മാറിയില്ല.
ഒരു ദിവസം, കോളേജിലെ ക്ലാസ് കഴിഞ്ഞ് ഞാൻ വൈകിയാണ് മടങ്ങിയത്. ആകാശം ഇരുണ്ടു തുടങ്ങുന്ന സമയം. റോഡുകൾ പതുക്കെ ശൂന്യമായി. കാറ്റിനൊപ്പം ഇലകൾ അനങ്ങുന്ന ശബ്ദം പോലും അസ്വസ്ഥത ഉണ്ടാക്കി.
വീട്ടിലേക്കുള്ള വഴിയിൽ നടക്കുമ്പോൾ, പിന്നിൽ ആരോ നടക്കുന്ന പോലെ തോന്നി.
ഞാൻ തിരിഞ്ഞു നോക്കി.
ആരും ഇല്ല.
കുറച്ച് മുന്നോട്ട് നടന്നപ്പോൾ, റോഡിന്റെ വശത്ത് ഒരാൾ നിൽക്കുന്നത് കണ്ടു.
അവന്റെ മുഖം വ്യക്തമായിരുന്നില്ല.
പക്ഷേ എന്തോ കാരണം കൊണ്ടു എന്റെ കാലുകൾ നീങ്ങാതെയായി.
അവൻ പതുക്കെ തല ഉയർത്തി.
അത്….
എന്നെ പോലെ ഒരാൾ.എന്റെ മുഖംഎന്റെകണ്ണുകൾ.എന്റെ തന്നെ നിശബ്ദത. പക്ഷേ അവന്റെ കണ്ണുകളിൽ…എനിക്ക് ഇല്ലാത്ത ഒരു ശൂന്യത.ഒരു നിമിഷം ഞങ്ങൾ പരസ്പരം നോക്കി നിന്നു.അവൻ ഒന്നും പറഞ്ഞില്ല. ചിരിച്ചുമില്ല.ഞാൻ കണ്ണടച്ചു.വീണ്ടും തുറന്നപ്പോൾ…
അവൻ അവിടെ ഇല്ലായിരുന്നു. വീട്ടിലെത്തിയപ്പോൾ, എല്ലാം സാധാരണ പോലെ. പക്ഷേ മുറിയിൽ ഒരു തണുപ്പ്.
കണ്ണാടിയിൽ നോക്കിയപ്പോൾ,എന്റെ പ്രതിബിംബം എന്നെ നോക്കി പറഞ്ഞു:“ഇപ്പോൾ നിന്റെ സമയം.”അന്ന് എനിക്ക് മനസ്സിലായി.
ഇത് ഒരു ആത്മാവല്ല. ഇത് ഒരു പ്രേതവും അല്ല.ഇത് ഞാൻ തന്നെയായിരുന്നു.എന്റെ ഭയം. എന്റെ ഒറ്റപ്പെടൽ.
ഞാൻ അവഗണിച്ച എന്റെ മറ്റൊരു രൂപം. രാത്രി മുഴുവൻ ഞാൻ ഉറങ്ങിയില്ല. രാവിലെ കണ്ണാടിയിൽ നോക്കിയപ്പോൾ,
പ്രതിബിംബം സാധാരണ പോലെ ആയിരുന്നു. പക്ഷേ ഇപ്പോഴും…
ചില രാത്രികളിൽ…
എനിക്ക് തോന്നും…
ഞാൻ ഒറ്റയ്ക്കല്ലെന്ന്.

Jeevanand
S4 , EEE

Adithyan Santhosh
S6 , ECE

സീം (Seem):

യുവതലമുറയ്ക്കുള്ള ഓർമപ്പെടുത്തൽ



RISHIKA RATHEESH
S2 CIVIL

ഇന്നത്തെ സമൂഹത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്നാണ് യുവതലമുറയുടെ ഭാവി. ടെക്നോളജി വളരുന്ന ഈ കാലഘട്ടത്തിൽ, ഒരുപാട് അവസരങ്ങൾ നമ്മൾക്കു മുന്നിലുണ്ടെങ്കിലും അതിനൊപ്പം തന്നെ വലിയ വെല്ലുവിളികളും നിലനിൽക്കുന്നു. അതിലേറ്റവും അപകടകരമായ ഒന്നാണ് ലഹരിയിലേക്കും മയക്കുമരുന്നിലേക്കും വഴുതിപ്പോകുന്ന പുതിയ തലമുറ.

SEEM എന്ന ആശയം നമ്മളോട് പറയുന്നത് ഒറ്റ കാര്യം തന്നെയാണ് കാണുക, മനസ്സിലാക്കുക, തിരിച്ചറിയുക, മാറ്റം സൃഷ്ടിക്കുക.

ലഹരി ഒരു ഫാഷനോ ട്രെൻഡോ അല്ല, അത് ഒരാളുടെ ജീവിതം മുഴുവൻ തകർക്കുന്ന ഒരു കുടുക്കാണ്. കൗതുകം, കൂട്ടുകാരുടെ സമ്മർദ്ദം, മാനസിക സമ്മർദ്ദങ്ങൾ, ഒറ്റപ്പെടൽ ഇതൊക്കെയാണ് പലപ്പോഴും യുവാക്കളെ ലഹരിയിലേക്ക് തള്ളിവിടുന്നത്. പക്ഷേ, ഒരു ചെറിയ തെറ്റായ തീരുമാനം പോലും ഭാവിയെ മുഴുവൻ ഇരുട്ടിലാക്കാൻ മതി.

യുവതലമുറ എന്നത് നമ്മുടെ നാളെയുടെ നേതാക്കളാണ്, സ്വപ്നങ്ങൾ കാണുന്നവരാണ്, മാറ്റങ്ങൾ സൃഷ്ടിക്കേണ്ടവരാണ്. അവരെ ലഹരിയിൽ നിന്ന് അകറ്റി നിർത്തുക എന്നത് ഒരു വ്യക്തിയുടെ മാത്രം ഉത്തരവാദിത്വമല്ല, സമൂഹത്തിന്റെ മുഴുവൻ കടമയാണ്.

കുടുംബം, സ്കൂൾ, കോളേജ്, സുഹൃത്തുക്കൾ — എല്ലാവരും ചേർന്ന് അവരെ കേൾക്കാനും, മനസ്സിലാക്കാനും, ശരിയായ വഴികാട്ടാനും തയ്യാറാകണം.

SEEM നമ്മളെ ഓർമ്മിപ്പിക്കുന്നത്, "ഉപദേശം" മാത്രം മതിയാകില്ല എന്നതാണ്. അവയറ്നെസ് വേണം, സപ്പോർട്ട് വേണം, വിശ്വാസം വേണം. യുവാക്കൾക്ക് അവരുടെ കഴിവുകൾ കണ്ടെത്താൻ, സ്വപ്നങ്ങളെ പിന്തുടരാൻ, ജീവിതത്തെ സ്നേഹിക്കാൻ അവസരം നൽകിയാൽ, ലഹരിക്ക് അവരുടെ ജീവിതത്തിൽ ഇടം ഉണ്ടാകില്ല.

ഒരു ആരോഗ്യകരമായ മനസ്സും ശരിയായ അവയറ്നെസ്സും ഉണ്ടെങ്കിൽ, യുവതലമുറ ശക്തമായ ഒരു ഭാവി നിർമ്മിക്കും.

ലഹരിയില്ലാത്ത നാളെയാണ് യഥാർത്ഥ സ്വാതന്ത്ര്യം.

SEEM അതിനുള്ള ഒരു വിളിയാണ് ഭാവിക്കായി ഇന്ന് തന്നെ ജാഗ്രതയാകാം.

MERAKI
MOMENTS THAT MATTER

PRAYAN
2025







BUDHA'S CONCEPTS

BUDHA'S CONCEPTS

KL 24

BUDHA'S CONCEPTS

SHADOWS

BUDHA'S CONCEPTS

PRAYAN '25
CLUTCH '25
AURUM 25
NEXUS

CAMPUS RECRUITMENT
@ VKCET
PRAYAN

ഓണം
The Onam Celebration

VALIA KOONAMBAIKULATHAMMA
COLLEGE OF ENGINEERING AND TECHNOLOGY



NSS RUDHIRASENA

BLOOD DONATION CAMPAIGN

The National Service Scheme (NSS) has always stood as a bridge between youthful energy and social responsibility, encouraging students to contribute meaningfully to society. Among its many humanitarian initiatives, blood donation holds a special place, as it directly touches lives and offers hope in moments of critical need. Through structured awareness programs and organized donation camps, NSS instills in volunteers the understanding that service to humanity is the highest form of service. As part of the NSS initiative Rudhirasena, blood donation becomes more than just a medical act—it transforms into a movement driven by empathy and unity. Rudhirasena motivates young volunteers to overcome fear and misconceptions related to blood donation, while educating the community about its safety and necessity. Each donated unit of blood becomes a symbol of solidarity, capable of saving multiple lives and supporting patients undergoing surgeries, accidents, and long-term treatments. Participation in Rudhirasena helps NSS volunteers develop a deep sense of compassion, discipline, and social awareness. It empowers students to realize their role as responsible citizens who can contribute to the nation's healthcare system in a meaningful way. By embracing the spirit of "Not Me, But You," NSS and Rudhirasena together inspire a culture of voluntary blood donation, proving that even a simple act can create a lasting impact on society

GVHSS PALAYAMKUNNU

SNVHSS NEDUNGANDA

SNVHSS PANAYARA

NS HOSPITAL KOLLAM

RCC TRIVANDRUM

SPORTS

Our Commitment to Building Stronger Students Through Sports

Beyond classrooms and exams, our Physical Education Department provides the essential balance engineering students need. In a high-pressure academic environment, the sports ground is a sanctuary for physical, mental, and emotional health.

Through evening practice sessions, students do more than play—they release stress, build lasting friendships, and rediscover the motivation to succeed.

Evening Practice: Building Bonds and Reducing Stress

After a long academic day, evening practice helps students relax and recharge. Running, training, and sharing laughs reduce stress and mental fatigue. These moments build strong friendships and unity across departments and years, turning the ground into a space of connection, support, and lifelong bonds.

An Active and Inclusive Sports Culture

Our college promotes a vibrant sports culture through regular events and competitions in cricket, football, kabaddi, kho-kho, volleyball, and other activities. Students of all skill levels are encouraged to participate, as sports focus not just on winning, but on growth and involvement.

Our students actively represent the college in inter-college, university-level, and AIU-level competitions, bringing recognition and pride to the institution

One of our proudest achievements is seeing students grow from beginners to high-level performers. Through consistent practice and guidance, many have progressed to represent KTU and VKCET at university and AIU levels, proving that dedication and support unlock true potential.

Achievements That Reflect Discipline and Commitment

Our students have earned medals, trophies, and titles in various tournaments. These achievements reflect consistent effort, teamwork, and self-belief. However, beyond awards, the true success lies in the personal growth we see in each student—stronger confidence, focus, and resilience

Sports and Career Success Go Hand in Hand

We are proud to note that all our sporty engineers have been successfully placed. Sports help students develop confidence, leadership, communication skills, and the ability to perform under pressure—qualities that are highly valued by recruiters. The discipline learned on the ground often reflects positively during interviews and professional life

Staying Connected Through Alumni Sports Events

To maintain a strong bond with our former players, we regularly conduct alumni sports tournaments. These events help us stay connected with our old students, creating an active link between past and present generations. Alumni interactions inspire current students and remind them that sports remain a lifelong source of health, friendship, and connection.

Staying Connected Through Alumni Sports Events

Sports naturally develop leadership. Students learn to lead teams, take responsibility, support teammates, and handle success and failure with maturity. These experiences prepare them not only for professional roles but also for leadership in life.

Conclusion

As the Physical Education Department, our mission goes beyond fitness and competition. We aim to nurture confident individuals, responsible leaders, and healthy engineers. Through daily practice, strong participation, meaningful achievements, alumni engagement, and career success, we proudly contribute to shaping well-rounded students ready to face the future.

FOOTBALL

FOOTBALL TEAM

CRICKET TEAM

KABBADI

KABBADI MENS TEAM

KABBADI WOMENS TEAM

MENS TEAM

KHO – KHO

WOMEN'S TEAM

VOLLEY BALL TEAM

IEDC

2025-26

EXECUTIVE COMMITTEE

ALAN AR
CEO

AROMAL
CTO

ALEENA
WOMEN LEAD

GREEN RAJ
CDO

DENZ RAJAN
COO

ABHIJITH AB
CFO

AMAL B
CPO

SUNI
CCO

DYAN JD
CCRO

SABIN S
PRO

GAZAL DEV
CMO

PRANAV
CONTENT CREATOR

HACKFEST 2025

offenso™
Hackers Academy

MUHAMMED SHAJAHAN

ALAN V JIJU

ASWIN CP

RETRO

THE ETHNIC DAY



RETRO-FASHION SHOW

RETRO- DANCE COMPETITION

RETRO -MUSIC COMPETITION

Gramophone

27 - 02 - 2026

WOMEN EMPOWERMENT PROGRAM

MERAKI
HALL OF ACHIEVEMENTS

Inspirational Stars

India Book of Records: Akshay A.
Location: Kollam, Kerala | Records Confirmed: March 2025
Squat Thrusts: Performed 30 reps in 30 seconds (March 26, 2025).
Plank Shoulder Taps: Performed 82 reps in 30 seconds (March 8, 2025)

AKSHAY A

S6 CSE

India Book of Records: Abhijith Kumar
Location: Thiruvananthapuram, Kerala | Confirmed: August 25, 2025

- Record: Maximum Deep Squats in 30 Seconds while holding a Mudgar (traditional Indian strength-training club)
- Focus: Exceptional lower-body strength and traditional training discipline.

ABHIJITH KUMAR

S8 CSE

Dens Rajan: World Record Holder
Origin: Kollam, Kerala, India | Coach: Bijo Baby

- International Book of Records: Set the world record with 54 alternative toe touches in 30 seconds (Oct 26, 2025).
- America Book of Records: Achieved 52 inverse alternating toe touches in 30 seconds.
- Asia & India Book of Records: Honored with the title of 'Grand Master' for performing wide-stretched alternate toe touches in 30 seconds (Oct/Nov 2025).

DENS RAJAN

S8 CIVIL

Department of Computer Science

7th Semester Topper

Congratulations

Parvathy T

[VKE22CS057]

SGPA - 10

VKCET

AT THE SPIRITUAL LAND OF HUMAN DEXTERITY

TRAVELOGUE

ASWATHY S ASHOK
ASSISTANT PROFESSOR, ECE

Brihadeeswara Temple, Thanjavur

Some journeys take us to new places, while others take us back in time. My visit to the Brihadeeswara Temple at Thanjavur, a UNESCO World Heritage Site, was an experience that beautifully combined history, architecture, spirituality, and rural cultural richness.

We reached the temple early in the morning at 6:30 AM. The calm and quiet atmosphere made the visit truly special. In the soft morning light, the massive 216-foot-tall vimana stood majestically against the sun. Seeing such a grand ancient structure for the first time was an unforgettable experience.

The Brihadeeswara Temple was built by Rajaraja Chola I between 1003 and 1010 CE and is dedicated to Lord Shiva, worshipped here as Rajarajeshwaram. The temple stands as a powerful symbol of the Chola dynasty's political strength, cultural excellence, and deep spiritual beliefs.

Architecturally, the temple is a masterpiece of Dravidian architecture. It is constructed entirely of granite, even though granite is not naturally available in the surrounding region. One of the most remarkable features is the massive 80-ton stone placed at the top of the vimana. Historians believe it was lifted using long inclined ramps, showcasing the advanced engineering skills of that era.

Another fascinating aspect of the temple is that, despite its great height, the main tower does not cast a shadow on the ground at noon. This reflects the precise application of mathematics, astronomy, and architectural planning by the ancient builders.

Inside the temple, we were fortunate to witness the abhishekam performed on the huge Shiva linga, one of the largest in India. The massive Nandi statue, carved from a single block of granite,
further highlights the artistic brilliance of the Chola sculptors. The walls of the temple are covered with inscriptions and stone carvings that record details of Chola administration, cultural life, dance, music, and military achievements. Walking through the temple felt like reading a living history book carved in stone.

We stayed at the temple until 9:30 AM, after which the place began to get crowded. The peaceful early hours allowed us to experience the site in its purest form. After leaving the temple, we explored the nearby villages. This part of the journey revealed a completely different yet equally beautiful side of the region. The countryside surrounding the temple is nourished by the sacred Kaveri River, making the land exceptionally fertile. Vast stretches of emerald-green paddy fields spread across the horizon, gently swaying in the breeze. The sight truly justified Thanjavur's title as the "Rice Bowl of Tamil Nadu." We drove through small village roads lined with

oconut trees and banana plantations. Farmers were actively working in the fields, some transplanting paddy while others managed irrigation channels. Their dedication and simplicity reflected a life deeply connected to nature. The houses in the villages were traditional, with red-tiled roofs and beautifully drawn kolams at the entrances. Temple bells echoed softly in the background, and the peaceful rural atmosphere felt spiritually grounding. Unlike busy urban life, time seemed to move slowly here. We also visited small artisan workshops where traditional crafts were being made. The famous Thanjavur dancing dolls and classical Thanjavur paintings were carefully handcrafted with patience and devotion. Watching the artisans work was inspiring, as it showed how centuries- old traditions are still preserved with pride.



During our visit, we were fascinated by the elegant Thanjavur Thalaiyatti Bommai, popularly known as Thanjai Bomma. This traditional nodding doll beautifully represents the rich artistic heritage of Tamil Nadu. Its gently moving head and perfectly balanced base symbolize grace and stability. Crafted with vibrant colors and intricate detailing, the doll reflects the patience and skill of local artisans. Receiving the Geographical Indication (GI) tag has further recognized its cultural importance and helped preserve this timeless craft for future generations. We returned back to the temple again in the evening. Sitting quietly inside the temple for meditation during sunset was a deeply calming and memorable experience. We left the temple at night about 8 PM with a sense of peace and admiration.

Visiting the Brihadeeswara Temple was not just a tour of a historical monument, but a meaningful journey through time, faith, rural beauty, and human brilliance—an experience that will remain in memory forever.

അഭൗമചിത്രങ്ങളുടെ രാജശിൽപ്പി

DATHAN PUNALUR

ദത്തൻ പുനലൂർ രാജ്യാന്തരതലത്തിൽ ശ്രദ്ധേയനായ ഒരു ഫോട്ടോഗ്രാഫറാണ്. പ്രകൃതിദൃശ്യങ്ങൾ വന്യജീവികൾ പക്ഷികൾ മനുഷ്യരുടെ ജീവിത മുഹൂർത്തങ്ങൾ സാമൂഹിക സംഭവങ്ങൾ എന്നിവയെ തന്റെ ക്യാമറയിലൂടെ ജീവിതമാക്കി അവതരിപ്പിച്ച അദ്ദേഹം ഊട്ടി ആസ്ഥാനമാക്കി ദീർഘകാലം പ്രവർത്തിച്ചു. കേരളത്തിലെ പ്രമുഖ പത്രങ്ങൾക്കും മാസികകൾക്കും ചിത്രങ്ങൾ നൽകി ശ്രദ്ധ നേടിയ അദ്ദേഹം നിരവധി പ്രദർശനങ്ങളിലും മത്സരങ്ങളിലും പങ്കെടുത്ത് പുരസ്കാരങ്ങൾ കരസ്ഥമാക്കി ഫോട്ടോഗ്രാഫിയെ വെറും തൊഴിൽ മാത്രമല്ല സൃഷ്ടിപരമായ കലാരൂപം എന്ന നിലയിൽ ഉയർത്തിപ്പിടിച്ച വ്യക്തിത്വമാണ് ദത്തൻ പുനലൂർ.

- **ഫോട്ടോഗ്രാഫി യിലേക്കുള്ള സാറിന്റെ യാത്ര എങ്ങനെയാണ് ആരംഭിച്ചത്..? തുടക്കകാലത്ത് സാറിനെ ഏറ്റവും കൂടുതൽ പ്രചോദിപ്പിച്ച ഘടകം എന്തായിരുന്നു...?**

വളരെ ചെറുപ്പത്തിൽ തന്നെ ഫോട്ടോഗ്രാഫിയിലേക്ക് ഒരു ആകർഷണം തോന്നാൻ ഒരു പ്രത്യേക കാരണമുണ്ട്. എന്റെ അച്ഛന് ഒരു തീയേറ്റർ ഉണ്ടായിരുന്നു. അപ്പോൾ അവിടെ ചിലപ്പോഴൊക്കെ ഫിലിം കട്ട് ചെയ്തു കളയുന്ന സന്ദർഭങ്ങൾ ഉണ്ടായിരുന്നു. അപ്പോൾ അത് ശേഖരിച്ച് അതിലെ ചിത്രം നോക്കുന്ന ഒരു ശീലം എനിക്ക് ഉണ്ടായിരുന്നു. അന്നത്തെ കാലത്ത് സിനിമ താരങ്ങളുടെ ചിത്രങ്ങൾ അതിലൂടെ കാണുമ്പോൾ വലിയൊരു കൗതുകം തോന്നുമായിരുന്നു. എങ്ങനെയാണ് ഈ ഫോട്ടോ ഇതിനകത്ത് കൃത്യമായി പതിയുന്നത് എന്നുള്ളതായിരുന്നു എന്റെ ക്യൂരിയോസിറ്റി! പലരോടും ഇതിനെപ്പറ്റി അന്വേഷിച്ചെങ്കിലും ചെറിയ കുട്ടി ആയതിനാൽ വലിയ വിവരങ്ങൾ ഒന്നും ആരിൽ നിന്നും കിട്ടിയില്ല. തന്നെയുമല്ല അന്നത്തെ കാലത്ത് ഫോട്ടോഗ്രാഫി വളരെ ചിലവേറിയ ഒരു കാര്യമായിരുന്നു. മാത്രമല്ല അന്നൊക്കെ സമ്പന്നരുടെ ഹോബിയായി മാത്രം അറിയപ്പെട്ടിരുന്ന ഫോട്ടോഗ്രാഫിയുടെ സാങ്കേതിക വശങ്ങൾ ആർക്കും അങ്ങനെ അറിയില്ലായിരുന്നു. വളരെ ചുരുങ്ങിയ തോതിലുള്ള അന്നത്തെ സ്റ്റുഡിയോകാർക്ക് മാത്രമാണ് ഇതിനെപ്പറ്റി അറിയാമായിരുന്നത്. എന്നാൽ അവർ ഇതിനെ പറ്റിയുള്ള രഹസ്യങ്ങളൊന്നും പുറത്തുവിട്ടിരുന്നില്ല. അങ്ങനെയിരിക്കെയാണ് ഒരു ഉത്സവ സ്ഥലത്തുനിന്നും രക്ഷിതാക്കൾ വാങ്ങിത്തന്ന വ്യൂ മാസ്റ്റർ എന്ന കളിപ്പാട്ടത്തിലൂടെ ഞാൻ കളക്ട് ചെയ്തു വെച്ച ഫിലിം അതിൽ ഇട്ടു വലുതായി കാണാൻ സാധിച്ചത്. അതിനുശേഷം ഇതിനോടുള്ള താല്പര്യം വർദ്ധിക്കുകയും ചെയ്തു

- ലോകത്തിലെ ഏറ്റവും വലിയ ഏജൻസിയായ ഗെറ്റി ഇമേജസിൽ ഇന്ത്യയിൽ നിന്നുള്ള ഫോട്ടോഗ്രാഫറായി പ്രവർത്തിച്ച കാലത്തെ അനുഭവങ്ങൾ എന്തൊക്കെയാണ്...?

ഗെറ്റി ഇമേജസ് എന്ന് പറയുന്നത് ലോകത്തിലെ തന്നെ ഏറ്റവും വലിയ ഫോട്ടോ സ്റ്റോക്ക് ഏജൻസിയാണ്. ഹിരോഷിമയിലെ ബോംബ് സ്ഫോടനത്തിന്റെ ചിത്രങ്ങൾ മുതൽ ഗാന്ധിജിയുടെ അപൂർവ്വ ചിത്രങ്ങൾ വരെ അവരുടെ വലിയ ആർക്കൈവിലുണ്ട്. ലോകമെമ്പാടുമുള്ള പ്രമുഖ ഫോട്ടോഗ്രാഫർമാരുടെ ചിത്രങ്ങൾ അവർ ശേഖരിക്കുന്നു. പലർക്കും അവിടെ ഒരു ഫോട്ടോ എത്തിക്കുക എന്നത് വലിയ സ്വപ്നമാണ്.എന്റെ ജീവിതത്തിലെ മിക്ക കാര്യങ്ങളെയും പോലെ അതും തികച്ചും യാദൃശ്ചികമായിരുന്നു. ഊട്ടിയിൽ എന്റെ അസിസ്റ്റന്റായി നിന്നിരുന്ന ഒരു വിദ്യാർത്ഥിയായിരുന്നു ഇതിന് വഴിയൊരുക്കിയത്. ഒരു ഫങ്ക്ഷന്റെ ഭാഗമായി അഞ്ച് സ്റ്റേജുകളിൽ ഒരേസമയം ഫോട്ടോ എടുക്കേണ്ടി വന്നപ്പോൾ, ഫോട്ടോഗ്രാഫിയിൽ വലിയ അറിവില്ലാതിരുന്നിട്ടും ബുദ്ധിശാലിയായിരുന്ന അവനെ ഞാൻ പരിശീലിപ്പിച്ച് കൂടെ കൂട്ടി.പിന്നീട് അവൻ ബാംഗ്ലൂരിലെ ഐ.ബി.എമ്മിൽ (IBM) ജോലിക്ക് ചേരുകയും ഇന്റർനെറ്റിന്റെ സഹായത്തോടെ ഗെറ്റി ഇമേജസിനെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്തു. എന്റെ ചിത്രങ്ങൾ ലോകവിപണിയിൽ എത്തിക്കണമെന്ന് അവൻ നിർബന്ധിച്ചു. അന്ന് ഹൈദരാബാദിലുണ്ടായിരുന്ന അവരുടെ ഫ്രാഞ്ചൈസിയിലേക്ക് ഞങ്ങൾ കുറച്ച് ചിത്രങ്ങൾ ഡി.വി.ഡി വഴി കൊറിയർ ചെയ്തു. ഞാൻ അയച്ച ചിത്രങ്ങൾ ഹൈദരാബാദിലെ ഓഫീസ് വഴി അവരുടെ മെയിൻ സെർവറിലേക്ക് എത്തി. ആ ചിത്രങ്ങൾ അവർ വലിയ വിലയ്ക്ക് വിൽക്കുകയും എഗ്രിമെന്റ് പ്രകാരം ലാഭത്തിന്റെ പകുതി (50-50) എനിക്ക് നൽകുകയും ചെയ്തു.

അക്കാലത്ത് അത് വലിയൊരു സാമ്പത്തിക നേട്ടമായിരുന്നു. എന്നാൽ പിന്നീട് രാജ്യത്തുണ്ടായ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഹൈദരാബാദിലെ ആ ഏജൻസി പ്രവർത്തനം അവസാനിപ്പിച്ചു. എങ്കിലും എന്റെ ഫോട്ടോകൾ അവർക്കു ഇഷ്ടമായതിന്നാൽ എന്റെ വിവരങ്ങളും ബയോഡാറ്റയും മാതൃസ്ഥാപനമായ ഗെറ്റി ഇമേജസിലേക്ക് അയയ്ക്കുന്നുവെന്നും ലോകപ്രശസ്തമായ ഒരു ഏജൻസിആയതിനാൽ അവരുടെ കർശനമായ മാനദണ്ഡങ്ങൾക്കനുസരിച്ച് നമ്മൾ യോഗ്യരാണെന്ന് തോന്നിയാൽ മാത്രമേ അവർ നമ്മളെ തിരഞ്ഞെടുക്കൂ എന്നും അറിയിച്ചു.ഏകദേശം ഒന്നര വർഷത്തെ കാത്തിരിപ്പിന് ശേഷമാണ് എന്നെ അംഗീകരിച്ചതായി കാണിച്ച് എനിക്ക് അവരിൽ നിന്ന് ഒരു മറുപടി ലഭിച്ചത്. പഴയ പി.എസ്.സി ഫോമിനേക്കാൾ വലിയൊരു എഗ്രിമെന്റ് ആണ് അവർ അയച്ചുതന്നത്. അത് വായിച്ചു തീർക്കാൻ തന്നെ ദിവസങ്ങളെടുത്തു.സാധാരണ ഫോട്ടോഗ്രാഫർമാർ ചെയ്യുന്ന രീതികളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് അവരുടെ നിബന്ധനകൾ. പ്രധാനമായും മൂന്ന് കാര്യങ്ങളാണ് അവർ ശ്രദ്ധിക്കുന്നത്. നമ്മൾ സാധാരണ ഹൈ-എൻഡ് ക്യാമറകളിൽ എടുക്കുന്ന ഫോട്ടോകൾക്ക് ഏകദേശം 6ഉം 7ഉം MB സൈസൊക്കെ ഉണ്ടാകാറുള്ളൂ.എന്നാൽ ഗെറ്റി ഇമേജസിന് കുറഞ്ഞത് 48 MB സൈസ് ഉള്ള ഫോട്ടോകൾ വേണം..ആനുവദനീയമായ പ്രോസസിങ്ങ് അല്ലാതെ സോഫ്റ്റ്വെയറുകൾ ഉപയോഗിച്ച് ചിത്രങ്ങളിൽ മാറ്റം വരുത്താൻ പാടില്ല.വെളിച്ചത്തിലോ നിറത്തിലോ (Colour Gradation) മാറ്റം വരുത്തിയാൽ അവർ അത് എളുപ്പത്തിൽ കണ്ടെത്തും.നിങ്ങൾക്ക് കഴിവുണ്ടെങ്കിൽ നല്ലചിത്രങ്ങൾ എടുത്തയയ്ക്കുക. ആ കഴിവിനാണ് ഞങ്ങൾപ്രാധാന്യം കൊടുക്കുന്നത്. മറ്റുഭൂഖണ്ഡങ്ങളിലെ ചിത്രങ്ങൾക്കൊപ്പം മത്സരിക്കാൻ പ്രാപ്തിയുണ്ടായിരിക്കണം ഓരോ ചിത്രങ്ങൾക്കും എന്നും അവർ നിഷ്കർഷിക്കുന്നു ഒരു

കലർപ്പുമില്ലാത്ത ശുദ്ധമായ ചിത്രങ്ങളാണ് അവർക്ക് വേണ്ടത്.ഒരാളുടെയോ അല്ലെങ്കിൽ ഒരാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെയോ ചിത്രം എടുക്കുമ്പോൾ, അവരുടെ പേര്, വിലാസം, ഫോൺ നമ്പർ, ഒപ്പ് എന്നിവ അടങ്ങിയ സമ്മതപത്രം (Consent form) നിർബന്ധമാണ് ഒപ്പം മറ്റൊരാളിന്റെ സാക്ഷ്യപ്പെടുത്തലും കൂടിയേ കഴിയൂ. ആരുടെയെങ്കിലും ചിത്രം രഹസ്യമായി എടുത്ത് നൽകാൻ അവിടെ സാധിക്കില്ല.നമ്മൾ ഒരുചിത്രം അയച്ചാൽ അത് വലിയ സ്ക്രീനിൽ പ്രദർശിപ്പിച്ചാണ് അവരുടെ വിദഗ്ദ്ധ സംഘം പരിശോധിക്കുന്നത്. അതിൽ എന്തെങ്കിലും എഡിറ്റിംഗ് നടന്നിട്ടുണ്ടോ പിക്സലേഷൻ ഉണ്ടോ എന്ന് അവർ കൃത്യമായി കണ്ടെത്തും. ഇന്ന് ഇമെയിൽ അയച്ചാൽ എവിടെയാണെങ്കിലും 24 മണിക്കൂറിനുള്ളിൽ മറുപടി ലഭിക്കുന്ന കാലമാണെങ്കിലും, ഗെറ്റിയിൽ ഒരു മെയിലിന് മറുപടി ലഭിക്കാൻ 12 മുതൽ 15 പ്രവൃത്തിദിവസങ്ങൾ വരെ എടുക്കും. ഫോട്ടോകൾ അയച്ചാൽ 30 മുതൽ 45 ദിവസം വരെ കാത്തിരിക്കേണ്ടി വരും സെലക്ടായോ റിജക്റ്റായോ എന്ന്അ റിയാൻ അത്രമേൽ സൂക്ഷ്മമായാണ് ഓരോ ചിത്രവും അവർ വിലയിരുത്തുന്നത്.ഇങ്ങനെയുള്ള കടുത്ത നിബന്ധനകളൊക്കെയാണ് അവരുടേത്

- ഫോട്ടോഗ്രഫിക്ക് സമൂഹത്തിൽ ഒരു ഉത്തരവാദിത്വമുണ്ടെന്ന് വിശ്വസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അത് എങ്ങനെയാണ്?

തീർച്ചയായും, ഫോട്ടോഗ്രഫിക്ക് വലിയൊരു ഉത്തരവാദിത്തമുണ്ട്. ഇന്ന് മനുഷ്യന് ശ്വസിക്കാൻ വായുവും കുടിക്കാൻ വെള്ളവും എത്രത്തോളം അത്യാവശ്യമാണോ, അത്രത്തോളം തന്നെ അത്യന്താപേക്ഷിതമാണ് ഫോട്ടോഗ്രഫിയും. താഴെ പറയുന്ന ഉദാഹരണങ്ങൾ അതിന് തെളിവാണ്. പഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യങ്ങൾക്കോ, ബാങ്ക് ഇടപാടുകൾക്കോ, പാസ്പോർട്ടിനോ പോലും നാം ആരാണെന്ന് തെളിയിക്കാൻ ഒരു ഫോട്ടോ അത്യാവശ്യമാണ്.ഇന്നത്തെ കുറ്റാന്വേഷണ രംഗത്ത് ഫോട്ടോഗ്രഫി (സി.സി.ടി.വി ഉൾപ്പെടെ) വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ചരമ അറിയിപ്പ് മുതൽ ചരിത്രരേഖകൾ വരെ ഇതിന്റെ സ്വാധീന വലയത്തിലാണ്. ലോകനേതാക്കളെയും ചരിത്ര സംഭവങ്ങളെയും നാം നേരിട്ട് കണ്ടില്ലെങ്കിലും മനസ്സിലാക്കുന്നത് ഫോട്ടോകളിലൂടെയും വീഡിയോകളിലൂടെയുമാണ്. അങ്ങനെ ഏതുമേഖയിൽ നോക്കിയാലും ഫോട്ടോഗ്രഫിയുടെ സാന്നിധ്യം വളരെ വ്യക്തമായിക്കാണാം. പണ്ട് ഫിലിം ക്യാമറകളുടെ കാലത്ത് ഫോട്ടോഗ്രഫി എന്നത് പൂർണ്ണ വിശ്വാസ്യതയുള്ള ഒന്നായിരുന്നു. എന്നാൽ ഡിജിറ്റൽ യുഗത്തിൽ മാനിപ്പുലേഷനും കൃത്രിമങ്ങളും ഇതിൽ ചെയ്യാൻ എളുപ്പമായി. കട്ട് ആൻഡ് പേസ്റ്റ് രീതികൾ, എ.ഐ തുടങ്ങിയവ ഉപയോഗിച്ച് ഇല്ലാത്ത കാര്യങ്ങൾ പോലും സൃഷ്ടിച്ചെടുക്കാൻ കഴിയും. ഇക്കാരണത്താൽ പണ്ട് കോടതികൾ ഫോട്ടോകളെ ഒരു ശക്തമായ തെളിവായി സ്വീകരിച്ചിരുന്നെങ്കിൽ, ഇന്ന് വ്യാജമായി നിർമ്മിക്കാൻ സാധിക്കും എന്നതിനാൽ അതിന്റെ വിശ്വാസ്യതയ്ക്ക് ഇടിവ് സംഭവിച്ചിട്ടുണ്ട്. ഫോട്ടോഗ്രഫി നമ്മുടെ ജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണെങ്കിലും, സാങ്കേതിക വളർച്ച അതിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നുണ്ട്.

- Blood Moon പോലുള്ള അപൂർവ നിമിഷങ്ങൾ പകർത്താൻ കഴിയുന്നത് വലിയ ക്ഷമയും തയ്യാറെടുപ്പും വേണ്ടുന്ന കാര്യമാണ്. ആ അനുഭവം വിശദീകരിക്കാമോ?

എനിക്ക് ഫോട്ടോഗ്രഫിയോട് പണ്ടേ വലിയ കൗതുകമായിരുന്നു. ഫൈൻ ആർട്സ് പഠനത്തിന് ശേഷം പെയിന്റിംഗും ശിൽപ്പകലയുമൊക്കെ ചെയ്തുകൊണ്ടിരുന്ന സമയത്താണ് ഫോട്ടോഗ്രഫി എന്നെ സ്വാധീനിക്കുന്നത്. അങ്ങനെ ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ഫോട്ടോഗ്രഫി പഠിച്ചു. പിന്നീട് സ്വന്തമായി ഒരു ബോക്സ് ക്യാമറ വാങ്ങി പ്രാക്ടീസ് ചെയ്യാൻ തുടങ്ങി. കോഴ്സ് കഴിഞ്ഞ ശേഷം കഥകൾക്ക് അനുയോജ്യമായ ചിത്രങ്ങൾ വരച്ചു നൽകുന്ന ജോലിയും ആഴ്ചപ്പതിപ്പുകളുടെ കവർ ഡിസൈനിംഗുമൊക്കെ ചെയ്തിരുന്നു. ആ സമയത്താണ് ഫോട്ടോഗ്രഫിയോടുള്ള ക്രേസ് വർദ്ധിക്കുന്നത്.ഒരിക്കൽ ഊട്ടിയിൽ പോയപ്പോഴാണ് ഒരു ചന്ദ്രഗ്രഹണം ഉണ്ടാകുമെന്ന് പത്രത്തിൽ വായിക്കുന്നത്. ഇന്നത്തെ പോലെ അത്യാധുനികമായ എസ്.എൽ.ആർ (SLR) ക്യാമറകളോ ടെലി ലെൻസുകളോ അന്ന് എന്റെ പക്കൽ ഇല്ല. പകരം രണ്ട് ലെൻസുകളുള്ള ഒരു ട്വിൻ ലെൻസ്

ക്യാമറയുമായി പുറത്തിറങ്ങി ആ ദൃശ്യം പകർത്തി. എന്നാൽ മാഗ്നിഫിക്കേഷൻ കുറവായതുകൊണ്ട് ഫിലിമിൽ ഒരു മുട്ടുസൂചിയുടെ അത്രയേ ചന്ദ്രന്റെ ഇമേജ് ഉണ്ടായിരുന്നുള്ളൂ. ഫിലിമിന് വലിയ വിലയുള്ള കാലമായതുകൊണ്ട് കൂടുതൽ ചിത്രങ്ങൾ എടുക്കാനും കഴിയില്ലായിരുന്നു.അന്ന് മനോരാജ്യം എന്ന വാരികയിൽ ഫോട്ടോഗ്രാഫർമാർക്കായി സ്നാപ്പ് ഷോട്ട് എന്നപേരിൽഒരു പേജ് ഉണ്ടായിരുന്നു. ഞാൻ എടുത്ത ആ ചിത്രങ്ങൾ അവർക്ക് അയച്ചു കൊടുത്തു. സാധാരണഗതിയിൽ ഒരാഴ്ച കഴിഞ്ഞേ മറുപടി വരാറുള്ളൂ എങ്കിലും, എന്റെ ഫോട്ടോകൾ കണ്ട ഉടനെ അവർ മറുപടി അയച്ചു. ന്യൂസ് വാല്യൂ ഉള്ളതുകൊണ്ട് അടുത്ത ആഴ്ചത്തേക്ക് മാറ്റിവെക്കാതെ അടുത്തദിവസം തന്നെ എന്റെ പേരോടു കൂടി ആ ചിത്രങ്ങൾ അവരുടെ ദിനപ്പത്രത്തിന്റെ ഫ്രണ്ട് പേജിൽ നല്ല പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയാണെന്ന് അറിയിച്ചു. അങ്ങനെ അച്ചടിച്ചുവന്നത് ഒരു തുടക്കക്കാരനായ എന്നെ സംബന്ധിച് അതൊരു വലിയ അംഗീകാരമായിരുന്നു.

- ദേവദത്തൻ എന്ന പേരിൽ നിന്ന് ദത്തൻ പുനലൂർ എന്ന പേരിലേക്കുള്ള മാറ്റം വ്യക്തിത്വത്തെയും കരിയറിനെയും എങ്ങനെയാണ് സ്വാധീനിച്ചത്..?

എന്റെ പേര് ദേവദത്തൻ എന്നും ജ്യേഷ്ഠന്റെ പേര് ഗുരുദത്തൻ എന്നുമാണ്. സ്കൂളിലും കോളേജിലുമൊക്കെ ഞങ്ങളെ രണ്ടുപേരെയും 'ദത്തൻ' എന്നാണ് വിളിച്ചിരുന്നത്. ഞങ്ങൾ കാണാൻ ഏകദേശം ഒരേപോലെ ഇരുന്നതുകൊണ്ട് പലർക്കും ഞങ്ങളെ മാറിപ്പോകുമായിരുന്നു.ഈ ആശയക്കുഴപ്പം ഒഴിവാക്കുക എന്നത് ഒരു ആവശ്യമായിരുന്നു. മാവേലിക്കര ഫൈൻ ആർട്സ് കോളേജിൽ എത്തിയപ്പോൾ അവിടെ വേറെയും ഒരുപാട് ദത്തന്മാർ ഉണ്ടായിരുന്നു എന്നറിഞ്ഞു അവിടുത്തെ അഡ്മിഷൻ സമയത്ത് പ്രിൻസിപ്പൽ എന്നോട് പറഞ്ഞത് ഞാൻ അഞ്ചാമത്തെ ദത്തനാണെന്നാണ്. കെ.ദേവദത്തൻ, ബി.ഡി. ദത്തൻ, എം.ആർ.ഡി. ദത്തൻ, കെ.പി. ദത്തൻ എന്നിങ്ങനെ പലരും ആർട്ടിസ്റ്റ് കളായി പഠനം കഴിഞ്ഞ് പോയിട്ടുണ്ടെ ന്നാണ് ഈ വലിയ കൂട്ടത്തിൽ നിന്ന് എന്നെ പ്രത്യേകം തിരിച്ചറിയാൻ ഒരു അടയാളം ആവശ്യമായിരുന്നു. അക്കാലത്ത് ചിത്രകാരന്മാർ തങ്ങളുടെ ചിത്രങ്ങൾക്ക് താഴെ ഒപ്പിടുമ്പോൾ പേരിനൊപ്പം സ്ഥലപ്പേരും കൂടി ചേർക്കുന്ന ഒരു രീതി ഉണ്ടായിരുന്നു. എന്റെ അച്ഛൻ പുനലൂരിൽ പോസ്റ്റ്മാസ്റ്റർ ആയിരുന്നു. അച്ഛൻ കുടുംബസമേതം പുനലൂരിലായിരുന്നു താമസം.അങ്ങനെയാണ് മറ്റുള്ള ദത്തന്മാരിൽ നിന്ന് വ്യത്യസ്തനാകാൻ വേണ്ടി ഞാൻ സ്ഥലപ്പേരുകൂടി ചേർത്ത് ദത്തൻ പുനലൂർ എന്ന പേര് സ്വീകരിച്ചത്.

- **ഒരു മികച്ച ചിത്രം പിറക്കുന്നത് മുൻകൂട്ടി ആലോചിച്ചാണോ, അതോ അപ്രതീക്ഷിത നിമിഷങ്ങളിലൂടെയാണോ?**

മികച്ച ഫോട്ടോഗ്രാഫുകൾ പലപ്പോഴും അവിചാരിതമായി (Coincidence) സംഭവിക്കുന്നതാണ്. എത്ര വലിയ ഫോട്ടോഗ്രാഫർ ആണെങ്കിലും ഞാൻ ഇപ്പോൾ ഒരു നല്ല ഫോട്ടോ എടുത്തുവരാം " എന്ന് പറഞ്ഞ് പോയി അത് എടുക്കാൻ സാധിക്കില്ല. ഫോട്ടോഗ്രാഫിയിൽ രണ്ട് വശങ്ങളുണ്ട്. ഒന്ന് സിനിമയിലോ പരസ്യത്തിലോ ഒക്കെ ചെയ്യുന്നത് പോലെ ലൈറ്റും മേക്കപ്പും റീഹേഴ്സലും ഒക്കെ നടത്തി പ്ലാൻ ചെയ്ത് എടുക്കുന്നത്. മറ്റേത് പൂർണ്ണമായും അവിചാരിതമായയി കിട്ടുന്നത്. ഉദാഹരണത്തിന്, നമ്മൾ ഒരു ചിത്രം എടുക്കാൻ നിൽക്കുമ്പോൾ അപ്രതീക്ഷിതമായി ഒരു കുട്ടി മുകളിൽ നിന്ന് താഴേക്ക് വീഴുന്നത് യാദൃശ്ചികമായി ക്ലിക്ക് ചെയ്യാൻ അവസരം കിട്ടുന്നതുപോലെ, പ്രവചിക്കാനാവാത്ത അപൂർവ്വ നിമിഷങ്ങളാണ് മികച്ച ചിത്രങ്ങളായി മാറുന്നത്.ആദ്യം പറഞ്ഞതിന് കൊമേഴ്സ്യൽ വാല്യൂ മാത്രമാണുള്ളത്.



- **താങ്കളുടെ അഭിപ്രായത്തിൽ ഫോട്ടോഗ്രാഫി ഒരു 'കല' ആണോ അതോ ഒരു 'രേഖപ്പെടുത്തൽ' ആണോ?**

ഫോട്ടോഗ്രാഫി യഥാർത്ഥത്തിൽ ഒരു രേഖപ്പെടുത്തൽ ആണ്. കടന്നുപോകുന്ന ഓരോ നിമിഷവും തിരിച്ചു കിട്ടാത്തവയാണ്. ഇന്ന് ഈ സമയത്ത് നമ്മൾ കാണുന്ന വെയിലും അന്തരീക്ഷവും നാളെ ഇതേപോലെ ആയിരിക്കില്ല. നഷ്ടപ്പെട്ടുപോകുന്ന ഇത്തരം നിമിഷങ്ങളെ പകർത്തി വയ്ക്കുന്ന ഒരു സിസ്റ്റമാണിത്.പണ്ട് ഫോട്ടോഗ്രാഫിയെ ഒരു കലയായി അംഗീകരിച്ചിരുന്നില്ലെങ്കിലും, ഇന്ന് ലോകം ഏറ്റവും കൂടുതൽ ആസ്വദിക്കുന്ന ഒരു വലിയ കലയായി അത് മാറിക്കഴിഞ്ഞു.

- **നീലഗിരി ഫോട്ടോ വീഡിയോ അസോസിയേഷൻ' പ്രസിഡന്റ് എന്ന നിലയിലുള്ള താങ്കളുടെ അനുഭവങ്ങൾ എന്തൊക്കെയാണ്?**

അതും തികച്ചും അവിചാരിതമായി സംഭവിച്ചതാണ്. നീലഗിരിയിൽ എത്തിയപ്പോൾ അവിടെയുള്ള ഫോട്ടോഗ്രാഫർമാർക്ക് മാത്രമായി ഒരു അസോസിയേഷൻ വേണമെന്ന ആവശ്യം ഉയർന്നു. ആദ്യമൊക്കെ ഒരു മലയാളി എന്ന നിലയിൽ അവരിൽ നിന്ന് ചെറിയ രീതിയിലുള്ള എതിർപ്പുകൾ ഉണ്ടായിരുന്നു.എന്നാൽ അവിടെ നടന്ന ഒരു നാഷണൽ ഫോട്ടോഗ്രാഫി മത്സരത്തിൽ, പങ്കെടുത്ത ആറ് വിഭാഗങ്ങളിലും എനിക്ക് അവാർഡ് ലഭിച്ചു (രണ്ടെണ്ണം രണ്ടാം സ്ഥാനവും ബാക്കി ഒന്നാം സ്ഥാനവും). ഇതോടെ എതിർത്തവരുടെയൊക്കെ മനോഭാവം മാറുകയും അതൊരു വലിയ അംഗീകാരമായി മാറുകയും ചെയ്തു.

- ഗുരുവിന്റെ സമാധി ദിനത്തിൽ ഒരു ചിത്രം പോലും എടുക്കാതിരുന്നതിനെക്കുറിച്ച് സാർ പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടായിരുന്നു അന്ന് അങ്ങനെ ഒരു തീരുമാനം എടുത്തത്?

ഗുരു വെറുമൊരു സന്യാസി മാത്രമായിരുന്നില്ല. മനഃശാസ്ത്രം, സംഗീതം, ശാസ്ത്രം, സാഹിത്യം എന്നിങ്ങനെ പല മേഖലകളിൽ അഗാധമായ അറിവുള്ള വ്യക്തിയായിരുന്നു. കൊല്ലം ശ്രീനാരായണ കോളേജിലും, മദ്രാസ് വിവേകാനന്ദ കോളേജിലും അധ്യാപകനായും കുറേക്കാലം ദില്ലിയിലെ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് സൈക്കിക്ക് ആൻഡ് സ്പിരിച്ച്വൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം അമേരിക്ക, ഓസ്ട്രേലിയ, യൂറോപ്പ് എന്നിവിടങ്ങളിലും ഒട്ടുമിക്ക ഏഷ്യൻ രാജ്യങ്ങളിലും പര്യടനം നടത്തുകയും നിരവധി പാശ്ചാത്യ സർവകലാശാലകളിൽ വിസി റ്റിങ് പ്രൊഫസറായും സേവനമനുഷ്ഠിച്ച വ്യക്തിയാണ്. ശാസ്ത്രീയമായി തെളിയിക്കപ്പെടാത്ത ഒരു കാര്യങ്ങളെയും അദ്ദേഹം അന്ധമായി വിശ്വസിച്ചിരുന്നില്ല. ഐൻസ്റ്റീൻ, ടോൾസ്റ്റോയി, ബിഥോവൻ തുടങ്ങിയ പ്രതിഭകളെക്കുറിച്ചും ഉപനിഷത്തുകളെക്കുറിച്ചും അദ്ദേഹത്തിന് വലിയ അറിവുണ്ടായിരുന്നു. ആദിശങ്കരന് ശേഷം ബൃഹദാരണ്യകോപനിഷത്തിന് ഭാഷ്യം എഴുതിയത് അദ്ദേഹമാണെന്നും ഓർക്കുന്നു.ഗുരുവിന്റെ ഒട്ടേറെ ചിത്രങ്ങൾ പകർത്താനുള്ള അപൂർവ്വ അനുവാദം എനിക്ക് ലഭിച്ചിരുന്നു. ഒരു ആസ്ഥാന ഫോട്ടോഗ്രാഫറെ പോലെ ഞാൻ ഗുരുവിനൊപ്പം ഉണ്ടായിരുന്നു. ആദ്യകാലത്ത് ഫോട്ടോ എടുത്തതിന് ഗുരു പ്രതിഫലം നൽകാൻ ശ്രമിച്ചെങ്കിലും ഞാൻ അത് സ്നേഹപൂർവ്വം നിരസിച്ചു. ഗുരുവിന്റെ അനുഗ്രഹം മാത്രമാണ് എനിക്ക് വേണ്ടതെന്നു ഞാൻ പറഞ്ഞു. ഇത് ഞങ്ങൾക്കിടയിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കി. എപ്പോൾ വേണമെങ്കിലും എവിടെ വെച്ചും തന്റെ ഫോട്ടോ എടുക്കാനുള്ള അനുവാദം ഗുരു എനിക്ക് നൽകുകയും ചെയ്തു. ജീവിതത്തിലെ വഴികാട്ടിയും അറിവിന്റെ ഉറവിടവുമായ ഒരു വലിയ മഹദ് വ്യക്തിയെക്കുറിച്ചുള്ള ഹൃദയസ്പർശിയായ ഓർമ്മകളാണ് ഇതൊക്കെ.മരണശേഷം ശരീരം വെറും ജഡമായി മാറുന്നുവെന്നും, അതിന് പിന്നീട് പ്രാധാന്യമില്ലെന്നും അദ്ദേഹം വിശ്വസിക്കുന്നു. തന്റെ ഗുരുവിന്റെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ട്, മരിച്ചുകഴിഞ്ഞാൽ ശരീരത്തിന് യാതൊരു വിലയുമില്ലെന്ന് അദ്ദേഹം പറയുന്നു. അതുകൊണ്ടാണ് തന്റെ മരണശേഷം (സമാധിക്ക് ശേഷം) ഫോട്ടോകൾ എടുക്കരുത് എന്ന്അദ്ദേഹം അവശ്യപെട്ടത്.

- ഗുരുവിന്റെ ജീവിതം പകർത്തിയ നിത്യദർശനം എന്ന പുസ്തകം രൂപപ്പെട്ടതിനെക്കുറിച്ച് ഒന്ന് പറയാമോ?

ഞാൻ ഗുരുവിനൊപ്പം ചിലവഴിച്ച 21 വർഷങ്ങൾക്കിടയിൽ പകർത്തിയ അപൂർവ്വ ഫോട്ടോകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പുസ്തകമാണ് നിത്യദർശനം ഇതിൽ ഏകദേശം 100-150 ഓളം ഫോട്ടോകളുണ്ട്. ഗുരുവിനെക്കുറിച്ചുള്ള ഒരു ചെറിയ ജീവചരിത്രക്കുറിപ്പും വളരെ ചുരുങ്ങിയ അടിക്കുറിപ്പുകളും മാത്രമുള്ള കളർ ഫോട്ടോകൾ അടങ്ങുന്ന പുസ്തകമാണ് അത്.ഇത്തരം ഫോട്ടോയ്ക്ക് മാത്രം പ്രാധാന്യമുള്ള ഒരു പുസ്തകം ആ സമയത്ത് വേറെ ആരും ചെയ്തിട്ടില്ലെന്ന് തോന്നുന്നു.

- ഇത്രയും കാലയളവിൽ എടുത്ത ചിത്രങ്ങളിൽ മനസ്സിനോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഒന്നുണ്ടോ അല്ലെങ്കിൽ മനസ്സിന് ഒരു വേദന സമ്മാനിച്ച ഏതെങ്കിലും ചിത്രമുണ്ടോ..?

ഗൗരവവും സന്തോഷവും സങ്കടവും നിറഞ്ഞ നിരവധി ചിത്രങ്ങൾ എടുത്തിട്ടുണ്ട്. എന്റെ ഫോട്ടോഗ്രാഫി ജീവിതത്തിൽ പെട്ടെന്ന് ഓർമ്മ വരുന്നത് മനോവിഷമം ഉണ്ടാക്കിയ ഒരെണ്ണം ഇതാണ് ഒരിക്കൽ ഒരു റിട്ടയേർഡ് പട്ടാളക്കാരനെ സ്വന്തം തോക്കുപയോഗിച്ച് ആത്മഹത്യ ചെയ്യാൻ ശ്രമിച്ച്, ഗുരുതരമായി പരിക്കേറ്റ നിലയിൽ ഓപ്പറേഷൻ തിയേറ്ററിൽ എത്തിച്ചു.അദ്ദേഹത്തെ രക്ഷിക്കാൻ ഡോക്ടന്മാർ നടത്തിയ ശ്രമങ്ങളും തുടർന്നുള്ള എമർജൻസി ഓപ്പറേഷന്റെയും ചിത്രങ്ങൾ എടുക്കേണ്ടി വന്നതാണ് അത്. ആ ഒരു കാഴ്ച്ച വളരെ വിഷമാ മുണ്ടാക്കി. അത് പോലെ പറയാൻ പലതുമുണ്ട്. പിന്നെ രാത്രിയിൽ ഇടിമിന്നലിന്റെ പ്രകാശ ത്തിൽ മാത്രം പകൽ വെളിച്ചത്തിലെന്നപോലെ വ്യക്തമായി കാണാൻ കഴിയുന്ന അപൂർവ്വമായ ഒരു പ്രകൃതിദൃശ്യം ഞാൻ എടുത്തതും സമൂഹം ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. മറ്റൊന്ന് സാധാരണ ഫോട്ടോഗ്രാഫർമാർക്ക് എടുക്കാൻ കഴിയാത്ത, ഈച്ച ബലൂൺ ഊതിവീർപ്പിക്കുന്ന അത്യപൂർ വ്വ ഫോട്ടോയാണ് ചിലരൊക്കെ എന്നെ ഓർക്കുന്നത് തന്നെ അവരുടെ ഓർമ്മയിലുള്ള ഈ ചിത്രങ്ങളിലൂടെയാണ്.

- വരും തലമുറക്കു വേണ്ടി ഫോട്ടോഗ്രാഫിയെ ഒരു സംഘടിതമായ രീതിയിൽ എന്തെങ്കിലും ഇന്സ്ടിട്യൂഷൻ തുടങ്ങാനുള്ള ആശയം ഉണ്ടോ...?

ഫോട്ടോഗ്രാഫി പഠിപ്പിക്കാൻ ഒരു സ്ഥാപനം തുടങ്ങാൻ ആഗ്രഹമുണ്ടെങ്കിലും സാമ്പത്തികമായ ബുദ്ധിമുട്ടുകളും നല്ല സ്പോൺസർമാരുടെ കുറവും അതിന് തടസ്സമാകുന്നു.ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ട്യൂട്ടോറിയലുകൾ നോക്കി പഠിക്കുന്നതിനേക്കാൾ പ്രായോഗികമായ അനുഭവ സമ്പത്തും സാങ്കേതിക വിദ്യയെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും അത്യാവശ്യമാണ്. അതിനാൽ എന്നെ കൊണ്ട് പറ്റുന്ന രീതിയിൽ എന്തെങ്കിലും ചെയ്യണം എന്ന് വിചാരിക്കുന്നുണ്ട്.

- ഫോട്ടോഗ്രാഫി അല്ലാതെ മറ്റെന്തൊക്കെ കാര്യങ്ങൾ ആണ് കരിയറുമായി ബന്ധപ്പെട്ട് ചെയ്യുന്നത്...?

